# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 69 — 26.09.2011 ൽ മറുപടിക്ക്

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് പരിശീലന ക്യാമ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. പ്രദീപ് കുമാർ; | | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു: മുഖ്യമന്ത്രി) | |
| എ) | മന്ത്രിമാരുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; എന്ത് നിലയിലുള്ള വൈദഗ്ധ്യമാണ് വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നത്; | എ) | മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർക്ക് സർക്കാർ ഭരണത്തിൽ ഉന്നത പ്രവർത്തന ക്ഷമത കൈവരിക്കുന്നതിന് നൂതന തന്ത്രങ്ങൾ രൂപീകരിക്കുന്നതിനായി കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ വെച്ച് 2011 ഓഗസ്റ്റ് 18 ാം തീയതി ഒരു ഏകദിന ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. ഒറ്റക്കും കൂട്ടായും നയരൂപീകരണങ്ങളിലൂടെയും ഉയർന്ന പ്രവർത്തനക്ഷമത നേടുന്നതിനായിരുന്നു ശില്പശാല ഊന്നൽ നൽകിയിരുന്നത്. കൃഷി, വിദ്യാഭ്യാസം, പരിസ്ഥിതി, ആരോഗ്യം അടിസ്ഥാന വികസനം നിക്ഷേപം തുടങ്ങിയ മേഖലകളിൽ നിലവിലുള്ള സർക്കാർ പ്രവർത്തന ശൈലികളുടെ ശക്തിയും ബലഹീനതയും അവ പരിഹരിക്കുന്നതിനായി നയരൂപീകരണങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും ശില്പ ശാലയിൽ ചർച്ചചെയ്യപ്പെടുകയുണ്ടായി. |
| ബി) | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് നടത്തിയ പരിശീലന ക്യാമ്പിൽ എത്ര മന്ത്രിമാർ പങ്കെടുക്കുകയുണ്ടായി; | ബി) | 19 മന്ത്രിമാർ പരിശീലന ക്യാമ്പിൽ പങ്കെടുത്തു. |
| സി) | ക്യാമ്പിൽ ഏതെല്ലാം വിഷയങ്ങളിൽ ആരെല്ലാം ക്ലാസെടുക്കുകയുണ്ടായി; | സി) | അനുബന്ധമായി ചേർക്കുന്നു. |
| ഡി | ഉൾക്കാഴ്ചയോടെ ഭരണം നിർവ്വഹിക്കുന്നതിന് ക്യാമ്പിൽ എന്തെല്ലാം നിർദ്ദേശങ്ങളുണ്ടായി; ഇതിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത് ഏതെല്ലാ മാണ്; | ഡി | നയരൂപീകരണങ്ങളിലൂടെയും ഒറ്റക്കും കൂട്ടായും ഉയർന്ന പ്രവർത്തനക്ഷമത നേടുന്നതിനുമുള്ള നിർദ്ദേശങ്ങൾ ശില്പ ശാലയിൽ ചർച്ചചെയ്യപ്പെട്ടു. കൃഷി, വിദ്യാഭ്യാസം, പരിസ്ഥിതി, ആരോഗ്യം, അടിസ്ഥാന വികസനം, നിക്ഷേപം തുടങ്ങിയ വിവിധ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതു സംബന്ധിച്ചും ചർച്ചചെയ്യപ്പെടുകയുണ്ടായി |

| | |
|---|---|
| ഇ) ക്യാമ്പിലെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള റൂൾസ് ഓഫ് ബിസിനസ്സിനും സെക്രട്ടേറിയറ്റ് മാനുവലിനും കാലികമായ എന്തെങ്കിലും മാറ്റം ആവശ്യമായിട്ടുള്ളതായി കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | ഇ) ഏകദിന ശില്പശാല സമയ ദൗർലഭ്യം മൂലം പ്രവർത്തനക്ഷമത വർദ്ധിപ്പിക്കലിൽ മാത്രം ഊന്നിയുള്ളതായതിനാൽ സർക്കാരിന്റെ നിർവ്വഹണമേഖലയിൽ കേന്ദ്രീകരിക്കാൻ കഴിഞ്ഞില്ല. നിലവിലുള്ള വിഭവലഭ്യതയിലൂന്നിയുള്ള വികസനത്തിലുപരിയായി ആവശ്യധിഷ്ഠിത സാമ്പത്തിക വികസനം കൈവരിക്കുന്നതിന് സർക്കാർ സംവിധാനത്തെ മാറ്റുന്നതിന്റെ പ്രാധാന്യം ചർച്ചചെയ്യപ്പെടുകയുണ്ടായി. ഇലക്ട്രോണിക് ഭരണ സംവിധാനത്തിലുള്ള മേഖലാധിഷ്ഠിത പരിശീലനം, ജീവനക്കാരുടെ ശാക്തീകരണം, ഔദ്യോഗിക പ്രക്രിയകളുടെ ലഘൂകരണം എന്നിവ ലക്ഷ്യമിടുന്നുണ്ടെങ്കിലും സെക്രട്ടേറിയറ്റ് മാന്വൽ, റൂൾസ് ഓഫ് ബിസിനസ് എന്നിവയിൽ കാതലായ ഒരു മാറ്റം തല്ക്കാലം ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നം | ഫാക്കൽറ്റി | വിഷയം |
|---|---|---|
| 1 | ഡോ. ദേബാശിഷ് ചാറ്റർജി, ഡയറക്ടർ, ഐ.ഐ.എം, കോഴിക്കോട് | ഉയർന്ന പ്രവർത്തനക്ഷമതയ്ക്കായുള്ള സ്വയംഭരണം |
| 2 | ഡോ. ഉണ്ണികൃഷ്ണൻ നായർ, പ്രൊഫ., ഐ.ഐ.എം, കോഴിക്കോട് | പ്രവർത്തനക്ഷമതയിലൂന്നിയുള്ള ഒരു സംസ്കാരം വളർത്തിയെടുക്കൽ |
| 3 | ഡോ. സജി ഗോപിനാഥ്, പ്രൊഫ., ഐ.ഐ.എം, കോഴിക്കോട് | ശില്പശാല ഒരു ഉപരിപ്ലവ വീക്ഷണം, ഉയർന്ന പ്രവർത്തന ക്ഷമതക്കായുള്ള മേഖലാ തന്ത്രങ്ങൾ |
| 4 | ഡോ. മഹേഷ് ഭാവേ പ്രൊഫ., ഐ.ഐ.എം, കോഴിക്കോട് | മെച്ചപ്പെട്ട പരിസ്ഥിതിക്കായുള്ള തന്ത്രങ്ങൾ |
| 5 | ഡോ. അഭിലാഷ് നായർ, അസി. പ്രൊഫ., ഐ.ഐ.എം, കോഴിക്കോട് | അടിസ്ഥാന സൗകര്യവികസത്തിനായുള്ള തന്ത്രങ്ങൾ |
| 6 | ശ്രീ. ചന്ദ്രജിത്ത് ബാനർജി, ഡയറക്ടർ ജനറൽ, കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് | കേരളത്തിലെ വ്യവസായ നിക്ഷേപ സാധ്യതകൾ |
| 7 | ശ്രീ. ടി.ടി. തോമസ്, മുൻ സി.എം.ഡി, എഫ്.എ.സി.റ്റി, മുൻ ആൾ ഇന്ത്യാ മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ്, ബോർഡ് ഓഫ് ഗവർണേഴ്സ് അംഗം, ഐ.ഐ.എം, കോഴിക്കോട് | കേരളത്തിലെ വ്യവസായ വികസനത്തിനായുള്ള തന്ത്രങ്ങൾ |
| 8 | പത്മശ്രീ. ഡോ. ദേവിപ്രസാദ് ഷെട്ടി, ചെയർമാൻ, നാരായണ ഹൃദയാലയ, പ്രൈ. ലി., ബാംഗ്ലൂർ | കേരളത്തിലെ ആരോഗ്യമേഖലയിലെ വികസനത്തിനായുള്ള തന്ത്രങ്ങൾ (വീഡിയോ കോൺഫ്രൻസിംഗ് മുഖാന്തിരമുള്ള ചർച്ച) |

സെക്ഷൻ ഓഫീസർ